പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **244**

10.12.2012 ൽ മറുപടിയ്ക്ക്

**തിരുവൻവണ്ടൂർ വടക്കേത് പടിഞ്ഞാറതിൽ മോനുവിന്റെ ദുരൂഹമരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചെങ്ങന്നൂർ തിരുവൻവണ്ടൂർ വടക്കേ പടിഞ്ഞാറതിൽ വി.പി. തോമസ്സ് മകൻ മോനു മരണപ്പെട്ടത് എങ്ങനെ എന്ന് അറിയാമോ ; | (എ) 22.11.2011 പുലർച്ചെ ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ കളർകോട് ജംഗ്ഷനിൽവച്ച് വി.പി. തോമസ് മകൻ മോനു തോമസ് ഓടിച്ചു കൊണ്ടുവന്ന മോട്ടോർ സൈക്കിൾ ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് മോനു തോമസ്, കൂടെ സഞ്ചരിച്ചിരുന്ന കൈനകരിക്കാരൻ പിയൂഷ് എന്നിവർ ഗുരുതരമായ പരിക്കുകളോടെ ആലപ്പുഴ മെഡിക്കൽ കോളേജിൽ കൊണ്ടു പോകവേ മരണപ്പെട്ടിട്ടുള്ളതാണ്. ഈ സംഭവം സംബന്ധിച്ച് ആലപ്പുഴ ട്രാഫിക് പോലീസ് സ്റ്റേഷൻ ക്രൈം 1069/2011 U/s Motor Occurrence ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |

....2

(ബി) മരണപ്പെട്ട സമയത്ത് അദ്ദേഹം ജോലി ചെയ്തിരുന്നത് ഏത് സ്ഥാപനത്തിൽ ആയിരുന്നു;പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം എന്തായിരുന്നു ; മരണ സമയത്ത് അദ്ദേഹത്തോടൊപ്പം ആരൊക്കെ ഉണ്ടായിരുന്നു ; മരണത്തിൽ ദുരൂഹത ഉള്ളതായി മാതാപിതാക്കൾ പരാതിപ്പെട്ടിട്ടുണ്ടോ എന്നും ആയതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) മരണപ്പെട്ടവർ തിരുവല്ല ക്രഞ്ചി ചിക്കൻസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരായിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽ "Death was due to injuries sustained to head, chest, right thigh and abdomen" എന്നാണ് പറഞ്ഞിരിക്കുന്നത്. KL4R 9586-ാം നമ്പർ മോട്ടോർ സൈക്കിൾ ഓടിച്ചിരുന്ന മോനു തോമസ്, പിൻസീറ്റിൽ യാത്ര ചെയ്തിരുന്ന പിയുഷ് എന്നിവർക്ക് പുറമെ തൊട്ട് പുറകിലായി KL 30 A 7481 നമ്പർ മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചുവന്ന ടിയാന്റെ സുഹൃത്തുക്കളായ വിനോദ്, അനു ചാക്കോ, ബെൻസൻ ഫിലിപ്പ് വർഗ്ഗീസ് എന്നിവരും ഉണ്ടായിരുന്നു. മരണത്തിൽ ദുരൂഹത ഉള്ളതായി മാതാപിതാക്കൾ പരാതിപ്പെട്ടിരുന്നു. പരാതിയിൽ അന്വേഷണം നടത്തിയപ്പോൾ മരണപ്പെട്ട മോനു തോമസിന്റെ അശ്രദ്ധയും, അമിത വേഗതയും കൊണ്ടാണ് ടി അപകടം സംഭവിച്ചിട്ടുള്ളതെന്ന് വെളിവായിട്ടുള്ളതാണ്. കൂടാതെ, Section 279, 304 (A) IPC & 146 r/w 196 of MV Act, Section (3) (1) r/w 181 of MV Act എന്നിവ കൂടി ചേർത്ത് ടി കേസിൽ അന്വേഷണം നടത്തി വരുകയാണ്.

(സി) ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ